പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3959** — **24.06.2014 ൽ മറുപടിയ്ക്ക്**

## സ്വയംതൊഴിൽ പരിശീലന ബോധവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. വി.റ്റി. ബൽറാം: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സ്വയം തൊഴിൽ പരിശീലനത്തിനും ബോധവൽക്കരണ ക്യാമ്പയിനുകൾക്കും രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) കേരളത്തിലെ യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അവരെ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കുന്നതിനുമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ക്ലബ്ബുകൾ / സന്നദ്ധ സംഘടനകൾ എന്നിവ മുഖേനയും ബോർഡ് നേരിട്ടും സ്വയംതൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. യുവജനങ്ങളുടെ സംരംഭകത്വശേഷി വളർത്തി അവരെ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സംരംഭകത്വ വികസന പദ്ധതി (Entrepreneurship Development Programme) എന്ന പേരിൽ നവീനമായ ഒരു പദ്ധതിക്കും യുവജനക്ഷേമ ബോർഡ് പ്രാരംഭം കുറിച്ചിട്ടുണ്ട്. |
| (സി) ഇതു സംബന്ധിച്ച് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചതെന്ന് വിശദമാക്കുമോ ; &<br>(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത്; വിശദാംശങ്ങൾ നൽകാമോ ? | (സി) & (ഡി) സ്വയംതൊഴിൽ പരിശീലനം സംഘടിപ്പിക്കുവാൻ താൽപ്പര്യമുള്ള യുവജന ക്ലബ്ബുകൾ / സന്നദ്ധ സംഘടനകൾ എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ച് അവർ നൽകുന്ന പ്രോജക്ടിനനുസരിച്ച് ധനസഹായം നൽകി വരുന്നു. അഹമ്മദാബാദിലെ Entrepreneurship Development Institute of India യുടെ സഹകരണത്തോടെ സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ